കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ക്രിമിനൽ നിയമഭേദഗതി ആക്റ്റ്, 1961

## (1961-ലെ 23-ാം നമ്പർ ആക്റ്റ്)

(1961 മെയ് 17-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.
1976

വില :

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം




# ക്രിമിനൽ നിയമഭേദഗതി ആക്ററ്, 1961

(1961-ലെ 23-ാം നമ്പർ ആക്ററ്)

(1961 മേയ് 17-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

# ക്രിമിനൽ നിയമ ഭേദഗതി ആക്ററ്, 1961

(1961-ലെ 23-ാം നമ്പർ ആക്ററ്)

ക്രിമിനൽ നിയമം അനുപൂരണം ചെയ്യുന്നതിനുള്ള ആക്ററ്,

[1961 മേയ്, 17]

പാർലമെൻററ് ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ പന്ത്രണ്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്ററിന് ക്രിമിനൽ നിയമ ഭേദഗതി ആക്ററ്, 1961 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവനും വ്യാപിക്കുന്നതാണ്.

2. ഇൻഡ്യയുടെ രാജ്യക്ഷേത്രീയ അഖണ്ഡതയേയോ, അതിർത്തികളേയോ, ഇൻഡ്യയുടെ ഭദ്രതയുടേയും സുരക്ഷിതത്വത്തിൻേറയും താൽപര്യങ്ങൾക്ക് ഭംഗം വരുത്തുന്ന രീതിയിൽ ചോദ്യം ചെയ്യുന്നത്.—പറയുകയോ എഴുതുകയോ ചെയ്യുന്ന വാക്കുകളാലോ, അല്ലെങ്കിൽ ആംഗ്യങ്ങളാലോ, ദൃശ്യമായ പ്രതിരൂപണങ്ങളാലോ മററു പ്രകാരത്തിലോ ഇൻഡ്യയുടെ രാജ്യക്ഷേത്രീയ അഖണ്ഡതയേയോ അതിർത്തികളേയോ, ഇൻഡ്യയുടെ ഭദ്രതയുടേയും സുരക്ഷിതത്വത്തിൻേറയും താത്പര്യങ്ങൾക്ക് ഭംഗം വരുത്തുന്നതോ വരുത്താനിടയുള്ളതോ ആയ രീതിയിൽ ചോദ്യം ചെയ്യുന്ന ഏതൊരാളും മൂന്നുവർഷത്തോളമാകാവുന്ന കാലത്തേക്കുള്ള തടവു ശിക്ഷയോ പിഴശിക്ഷയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷപ്പെടുന്നതാകുന്നു.

3. നോട്ടിഫൈചെയ്ത പ്രദേശത്തിനുള്ളിൽവച്ചുള്ളതും അവിടെ പൊതു സമാധാനപാലനം മുതലായവയ്ക്കോ അല്ലെങ്കിൽ ഇൻഡ്യയുടെ ഭദ്രതയ്ക്കോ സുരക്ഷിതത്വത്തിന്നോ ഭംഗം വരുത്തുന്നതുമായ പ്രസ്താവനകൾ മുതലായവയും അങ്ങനെയുള്ള പ്രദേശത്ത് ആളുകളുടെ പ്രവേശനം ക്രമപ്പെടുത്തലും.—(1) ഇൻഡ്യയുടെ ഭദ്രതയുടേയോ സുരക്ഷിതത്വത്തിൻേറയോ താൽപര്യങ്ങൾക്കോ, പൊതുതാത്പര്യത്തിനോ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഇൻഡ്യയുടെ അതിർത്തികളോടു ചേർന്നുകിടക്കുന്ന ഏതെങ്കിലും പ്രദേശം നോട്ടിഫൈചെയ്ത പ്രദേശമായി പ്രഖ്യാപിക്കുന്നത് ആവശ്യകമോ സമീചീനമോ ആണെന്ന് കേന്ദ്രഗവൺമെൻററ് കരുതുന്നുവെങ്കിൽ, അതിന് അപ്രകാരം ചെയ്യാവുന്നതും, അതോടെ, വിജ്ഞാപനം പ്രാബല്യത്തിൽ ഇരിക്കുന്നിടത്തോളം, അങ്ങനെയുള്ള പ്രദേശം ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക് നോട്ടിഫൈചെയ്ത പ്രദേശമായിരിക്കുന്നതുമാകുന്നു.

(2) ഏതെങ്കിലും നോട്ടിഫൈചെയ്ത പ്രദേശത്തിനുള്ളിൽ, ആ പ്രദേശത്തെ പൊതുസമാധാനപാലനത്തിനോ ആവശ്യമായ സപ്ലൈകളുടേയോ സർവ്വീസുകളുടേയോ നിലനിർത്തലിനോ അല്ലെങ്കിൽ ഇൻഡ്യയുടെ ഭദ്രതയുടേയോ സുരക്ഷിതത്വത്തിൻേറയോ താത്പര്യങ്ങൾക്കോ ഭംഗംവരുത്തുന്നതോ വരുത്താൻ ഇടയുള്ളതൊ ആയ ഏതെങ്കിലും പ്രസ്താവനയോ കിംവദന്തിയോ റിപ്പോർട്ടോ ഉണ്ടാക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുവർഷത്തോളമാകാവുന്ന കാലത്തേക്കുള്ള തടവു ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഒരു വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ദിവസവും അതിനുശേഷവും, വിജ്ഞാപനം ഒരു നോട്ടിഫൈചെയ്ത പ്രദേശമായി പ്രഖ്യാപിക്കുന്ന പ്രദേശത്ത് മുൻപറഞ്ഞ ദിവസത്തിനു തൊട്ടുമുമ്പ് താമസക്കാരനല്ലാതിരുന്ന യാതൊരാളും, അയാൾക്ക് മുൻപറഞ്ഞ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്നതും, ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ടിന്റെ പദവിക്കുതാഴെയല്ലാത്തതുമായ ഒരാൾ നല്കുന്ന ലിഖിതമായ പെർമിററിലെ നിബന്ധനകൾ അനുസരിച്ചല്ലാതെ ആ പ്രദേശത്ത് പ്രവേശിക്കുകയോ പ്രവേശിക്കാൻ ശ്രമിക്കുകയോ, അവിടെ ഉണ്ടായിരിക്കുകയോ ചെയ്യാൻ പാടില്ലാത്തതും, ഇത് ആ വിജ്ഞാപനം വ്യവസ്ഥചെയ്യുന്ന ഏതെങ്കിലും ഒഴിവാക്കലുകൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

(4) പോലീസ് സബ്-ഇൻസ്പെക്ററുടെ പദവിക്കു താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്, നോട്ടിഫൈചെയ്ത പ്രദേശത്ത് പ്രവേശിക്കുകയോ, പ്രവേശിക്കാൻ ശ്രമിക്കുകയോ അവിടെ ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ അവിടം വിട്ടുപോവുകയോ ചെയ്യുന്ന ഏതെങ്കിലും ആളേയും, അയാൾ ഉള്ളിൽ കൊണ്ടുവരുന്ന ഏതെങ്കിലും വാഹനത്തേയും ജലയാനത്തേയും ജന്തുവിനേയും, അല്ലെങ്കിൽ സാധനത്തേയും, ശോധനചെയ്യാവുന്നതും, ശോധനചെയ്യുന്നതിനുവേണ്ടി അങ്ങനെയുള്ള ആളേയോ വാഹനത്തേയോ ജലയാനത്തേയോ ജന്തുവിനേയോ സാധനത്തേയോ തടങ്ങലിൽ വയ്ക്കാവുന്നതും ആണ്:

എന്നാൽ, യാതൊരു സ്ത്രീയും ആ പോലീസ് ഉദ്യോഗസ്ഥൻ ഇതിലേക്ക് പ്രാധികാരം നല്കുന്ന ഒരു സ്ത്രീയാലല്ലാതെ ഈ ഉപവകുപ്പിന് അനുസൃതമായി ശോധനചെയ്യപ്പെടാൻ പാടുള്ളതല്ല.

(5) (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും ആൾ നോട്ടിഫൈചെയ്ത പ്രദേശത്ത് ഉണ്ടായിരിക്കുന്നുവെങ്കിൽ, അയാളെ, അയാൾക്കെതിരായി എടുക്കാവുന്ന മറേറതെങ്കിലും നടപടികൾക്ക് ഭംഗം വരാതെ നോട്ടിഫൈചെയ്ത പ്രദേശത്ത് ഡ്യൂട്ടിയിലുള്ളതും പോലീസ് സബ്-ഇൻസ്പെക്ററുടെ പദവിക്ക് താഴെയല്ലാത്തതുമായ ഏതെങ്കിലും പോലീസ്ഉദ്യോഗസ്ഥനോ അയാളുടെ നിദേശത്തിൻകീഴിലോ, നീക്കം ചെയ്യാവുന്നതാണ്.

(6) (3)-ാം ഉപവകുപ്പിലെവ്യവസ്ഥകളിൽ ഏതെങ്കിലും ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും ആൾ നോട്ടിഫൈചെയ്ത പ്രദേശത്ത് പ്രവേശിക്കുകയോ പ്രവേശിക്കാൻ ശ്രമിക്കുകയോ അവിടെ ഉണ്ടായിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, അയാൾ ഒരു വർഷത്തോളമാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയോ, പിഴശിക്ഷയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

4. <u>ചില പ്രസിദ്ധീകരണങ്ങൾ കണ്ടുകെട്ടിയതായി പ്രഖ്യാപിക്കുന്നതിനും അവയ്ക്ക് ശോധനവാറണ്ടുകൾ പുറപ്പെടുവിക്കുന്നതിനുമുള്ള അധികാരം.</u>—(1) പ്രസ്സും പുസ്തകങ്ങളുടെ രജിസ്ട്രേഷനും ആക്റ്റ്, 1867 (1867-ലെ 25)-ൽ നിർവ്വചിച്ചപ്രകാരമുള്ള ഏതെങ്കിലും വർത്തമാനപത്രമോ പുസ്തകമോ മറേറതെങ്കിലും രേഖയോ, അത് എവിടെ അച്ചടിക്കപ്പെട്ടതായാലും, പ്രസിദ്ധപ്പെടുത്തുന്നത് 2-ാം വകുപ്പിൻകീഴിലോ 3-ാം വകുപ്പ്, (2) -ാം ഉപവകുപ്പിൻ കീഴിലോ ശിക്ഷിക്കപ്പെടാവുന്നതായിട്ടുള്ള ഏതെങ്കിലും വിഷയം അടങ്ങുന്നുണ്ടെന്ന് സ്റേററ്ഗവൺമെൻറിന് തോന്നുന്നിടത്ത്, അതിന് ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴിയും, അതിന്റെ അഭിപ്രായത്തിനുള്ള കാരണങ്ങൾ പ്രസ്താവിച്ചുകൊണ്ടും, അങ്ങനെയുള്ള

വിഷയം അടങ്ങുന്ന വർത്തമാനപത്രത്തിന്റെ ലക്കത്തിന്റെ ഏതൊരു പ്രതിയും, അങ്ങനെയുള്ള പുസ്തകത്തിന്റേയോ മററു രേഖയുടേയോ ഏതൊരു പ്രതിയും ഗവൺമെൻറിലേക്ക് കണ്ടുകെട്ടിയതായി പ്രഖ്യാപിക്കാവുന്നതും, അതോടെ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്, അത് എവിടെ കണ്ടാലും പിടിച്ചെടുക്കാവുന്നതും, അങ്ങനെയുള്ള ലക്കത്തിന്റെ ഏതെങ്കിലും പ്രതിയോ അങ്ങനെയുള്ള പുസ്തകത്തിന്റേയോ മററു രേഖയുടെയോ ഏതെങ്കിലും പ്രതിയോ ഉണ്ടായിരിക്കാവുന്നതോ ഉണ്ടെന്ന് ന്യായമായി സംശയിക്കാവുന്നതോ ആയ ഏതെങ്കിലും കെട്ടിടപരിസരങ്ങളിൽ പ്രവേശിക്കുകയും അതിനുവേണ്ടി ശോധനചെയ്യുകയും ചെയ്യാൻ ഏതെങ്കിലും മജിസ്ട്രേട്ടിന് സബ്-ഇൻസ്പെക്ററുടെ പദവിക്കുതാഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനു വാറണ്ടുവഴി, പ്രാധികാരം നല്കാവുന്നതും ആണ്.

(2) (1) -ാം ഉപവകുപ്പ് സ്റേറററ്ഗവൺമെൻറിന് നല്കുന്ന അധികാരങ്ങൾ കേന്ദ്രഗവൺമെൻറിനും കൂടി പ്രയോഗിക്കാവുന്നതാണ്.

(3) (1) -ാം ഉപവകുപ്പിൽ "രേഖ" യിൽ, വർണ്ണ ചിത്രമോ, രേഖാചിത്രമോ, ഫോട്ടോയോ മററു ദൃശ്യമായ പ്രതിരൂപണമോ കൂടി ഉൾപ്പെടുന്നതാണ്.

5. <u>കണ്ടുകെട്ടൽ ഉത്തരവ് അസ്ഥിരപ്പെടുത്താൻ ഹൈക്കോടതിക്കുള്ള അപേക്ഷ.</u>—(1) ഏതു വർത്തമാനപത്രമോ പുസ്തകമോ മററു രേഖയോ സംബന്ധിച്ചാണോ 4 -ാം വകുപ്പിൻ കീഴിൽ കണ്ടുകെട്ടൽ ഉത്തരവ് ചെയ്യപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും വർത്തമാനപത്രത്തിലോ പുസ്തകത്തിലോ മററു രേഖയിലോ ഏതെങ്കിലും അവകാശമുള്ള ഏതെങ്കിലും ആൾക്ക്, അങ്ങനെയുള്ള ഉത്തരവിന്റെ തീയതി മുതൽ രണ്ടുമാസത്തിനുള്ളിൽ, ഏതു വർത്തമാനപത്രത്തിന്റെ ലക്കമോ പുസ്തകമോ രേഖയോ സംബന്ധിച്ചാണോ അങ്ങനെയുള്ള ഉത്തരവ് ചെയ്തത്, ആ ലക്കത്തിലോ പുസ്തകത്തിലോ രേഖയിലോ 4 -ാം വകുപ്പ് (1) -ാംഉപവകുപ്പിൽ പരാമർശിച്ച പ്രകൃതത്തിലുള്ള ഏതെങ്കിലും വിഷയം അടങ്ങിയിരുന്നില്ല എന്ന കാരണത്തിൻമേൽ, ആ ഉത്തരവ് അസ്ഥിരപ്പെടുത്താൻ ഹൈക്കോടതിയോട് അപേക്ഷിക്കാവുന്നതാണ്.

(2) (1) -ാം ഉപവകുപ്പിൻ കീഴിലെ അപേക്ഷ സംബന്ധിച്ച് ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898 -ലെ 5) 99 ഗ മുതൽ 99 ച വരെ വകുപ്പുകളിലെ വ്യവസ്ഥകൾ, ആ നിയമസംഹിതയിലെ 99 ഖ വകുപ്പിൻ കീഴിലെ അപേക്ഷ സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമാകുന്നതും, ആ നിയമസംഹിതയിലെ 99 ക വകുപ്പ് (1) -ാം ഉപവകുപ്പിൽ പരാമർശിച്ച പ്രകൃതത്തിലുള്ള രാജ്യദ്രോഹപരമോ മറേറാ ആയ വിഷയത്തെക്കുറിച്ചുള്ള 99 ഘ വകുപ്പിലെ പരാമർശത്തിന് ഈ ആക്ററ് 4-ാം വകുപ്പ് (1) -ാം ഉപവകുപ്പിൽ പരാമർശിച്ച പ്രകൃതത്തിലുള്ള ഏതെങ്കിലും വിഷയത്തെക്കുറിച്ചുള്ള പരാമർശമായി, അർത്ഥം കല്പിക്കേണ്ടതും ആകുന്നു.

(3) 4- ാം വകുപ്പിൻകീഴിൽ പാസ്സ ക്കുന്ന യാതൊരു ഉത്തരവും അല്ലെങ്കിൽ എടുക്കുന്ന യാതൊരു നടപടിയും ഈ വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ചല്ലാതെ ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

---